**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 166** | **01-07-2026-ൽ മറുപടിയ്ക്ക്**

**സതേൺ കേരള ഇക്കണോമിക് കോറിഡോർ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. ടി .ഒ. മോഹനൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളെ തന്ത്രപരമായ ദേശീയ പ്രാധാന്യമുള്ള ഏകീകൃത സാമ്പത്തിക മേഖലയായി മാറ്റുന്നതിനായി സർക്കാർ ആവിഷ്കരിക്കുന്ന സതേൺ കേരള ഇക്കണോമിക് കോറിഡോർ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവയെ തന്ത്രപരമായ ദേശീയ പ്രാധാന്യമുള്ള ഏകീകൃത സാമ്പത്തിക മേഖലയായി വികസിപ്പിക്കുന്നതിനാണ് സതേൺ കേരളാ ഇക്കണോമിക് കോറിഡോർ വിഭാവനം ചെയ്തിട്ടുള്ളത്.

വിഴിഞ്ഞം ആഴക്കടൽ തുറമുഖം, തീരദേശത്തെ നിർണായക ധാതുസമ്പത്ത്, അപൂർവ ധാതുക്കളുടെ നിക്ഷേപങ്ങൾ, ബഹിരാകാശ–സാങ്കേതിക സ്ഥാപനങ്ങൾ, ബ്ലൂ ഇക്കോണമി സാധ്യതകൾ എന്നിവ സംയോജിപ്പിച്ച് തെക്കൻ കേരളത്തെ രാജ്യത്തിന്റെ തന്ത്രപ്രധാനവും സമുദ്രബന്ധിതവുമായ വികസന മേഖലയാക്കി ഉയർത്തുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**(ബി)** തെക്കൻ ജില്ലകളിലെ വിവിധ വിഭവ സാധ്യതകളെ പ്രയോജനപ്പെടുത്തി സമ്മിശ്ര സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുന്നതിനും സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** തെക്കൻ ജില്ലകളിലെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തി സമഗ്ര സാമ്പത്തിക വളർച്ച സൃഷ്ടിക്കുന്നതിനായി ക്ലസ്റ്റർ അധിഷ്ഠിത വികസന സമീപനമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി —

തിരുവനന്തപുരം മേഖലയെ കേരളത്തിന്റെ നോളഡ്ജ് ആൻഡ് സ്പേസ് ടെക്നോളജി ഹബ് ആയും, കൊല്ലം മേഖലയെ ധാതു സംസ്കരണത്തിന്റെയും അപൂർവ ധാതുക്കളുടെയും കേന്ദ്രം ആയും, ആലപ്പുഴയെ ഇന്ത്യയുടെ ബ്ലൂ ഇക്കോണമി ക്യാപിറ്റൽ ആയും വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ലോജിസ്റ്റിക്സ്, സാങ്കേതികവിദ്യ, ഉൽപ്പാദനം, ഗവേഷണം, പ്രകൃതിവിഭവങ്ങൾ എന്നിവയെ ഏകീകൃത വികസന ചട്ടക്കൂടിൽ ബന്ധിപ്പിക്കുന്നതിലൂടെ ശക്തമായ സമ്മിശ്ര സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാനും സ്വകാര്യ നിക്ഷേപം ആകർഷിക്കാനും സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

**(സി)** പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ വിദഗ്ദ്ധ സമിതിയെ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്തൊക്കെ വിഷയങ്ങളാണ് പഠനവിധേയമാക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനം നടത്തുന്നതിനും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഒരു വിദഗ്ധ ഏജൻസിയുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്.

പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഭരണപരമായ ഇടപെടലുകൾ, നയപരമായ ഇടപെടലുകൾ എന്നിവ സംബന്ധിച്ച കാര്യങ്ങളാണ് പ്രധാനമായും പഠനവിധേയമാക്കുന്നത്. വിദഗ്ധ ഏജൻസിയുടെ പഠനറിപ്പോർട്ടിന്റെയും വിശദമായ പദ്ധതി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**